II ഇ. ബി. XIV - കേരള നിയമസഭ/IX- 2

# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജനുവരി 25, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

3(*61) കുടിവെള്ള പദ്ധതികൾ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടിയിൽ, വരൾച്ചയുടെ ഭാഗമായുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കാൻ 2016-17-ൽ ഭരണാനുമതി ലഭിച്ച 1257 കോടി രൂപയുടെ 23 കുടിവെള്ള പദ്ധതികൾ 55 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നതെന്നും അതിൽ 24 പാക്കേജുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 35 കുടിവെള്ള പദ്ധതികളിൽ 4 എണ്ണം കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും 9 പദ്ധതികളുടെ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ

സർക്കാരിന്റെ പരിഗണനയിലാണെന്നും ബാക്കിയുള്ളവ തയ്യാറാക്കി വരുന്നുണ്ടെന്നും 9 നഗരങ്ങളിൽ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള അമൃത് പദ്ധതിയിൽ 1047 കോടി രൂപയുടെ 87 കുടിവെള്ള പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും നബാർഡിന്റെ ധനസഹായത്തോടെ RIDF-ൽ ഉൾപ്പെടുത്തി 9 പദ്ധതികൾക്കും ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി 6 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും വിതരണ ശൃംഖല വ്യാപിപ്പിക്കുമെന്നും ഗ്രാമങ്ങളിലെ ജലലഭ്യത ഉറപ്പുവരുത്തുമെന്നും ജലക്ഷാമം രൂക്ഷമായ സ്ഥലങ്ങൾക്ക് മുൻഗണന നൽകി പദ്ധതികൾ തയ്യാറാക്കുമെന്നും ഗുണമേന്മയുള്ള ഡി.ഐ. പൈപ്പുകൾ സ്ഥാപിച്ച് പൈപ്പ് പൊട്ടൽ ഒഴിവാക്കുമെന്നും ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് കർശന ശിക്ഷ നൽകുന്നതിനായി നിയമ ഭേദഗതി കൊണ്ടുവരുമെന്നും മന്ത്രി അറിയിച്ചു. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കി കൊച്ചി മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുമെന്നും ഹരിപ്പാട് ശുദ്ധജല വിതരണ പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ചീക്കോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുമെന്നും കേന്ദ്രവിഹിതം വെട്ടിക്കുറച്ചതുമൂലം മുടങ്ങിക്കിടക്കുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾ കിഫ്ബി, സ്റ്റേറ്റ് പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ

കഴിയുമോയെന്ന് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

4(*62) വനഭൂമിയുടെ സംരക്ഷണം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, സ്വാഭാവിക വനഭൂമിയുടെ സംരക്ഷണത്തിനും വനഭൂമിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വകാര്യ സ്ഥലം കൈമാറ്റം ചെയ്യുന്നതിനും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുമായി റവന്യൂ, വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി ജണ്ടകൾ സ്ഥാപിച്ച് വനാതിർത്തി വേർതിരിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. വനാതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സംയുക്ത ശ്രമം നടത്തണമെന്നും 01-01-1977-ന് മുമ്പുള്ള കയ്യേറ്റങ്ങൾ സാധൂകരിച്ച് പട്ടയം നൽകുന്നതാണെന്നും ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കയ്യേറ്റക്കാർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണെന്നും 01-01-1977 മുതൽ 31-03-2016 വരെ 7801.10 ഹെക്ടർ വനഭൂമി കയ്യേറിയിട്ടുണ്ടെന്നും 1957-ലെ കേരള ലാന്റ് കൺസർവൻസി ആക്ട്, 1961-ലെ കേരള ഫോറസ്റ്റ് ആക്ട് എന്നിവ പ്രകാരം നോട്ടീസ് നൽകി പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടെന്നും കയ്യേറ്റം

ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ ഫയൽ ചെയ്ത പെറ്റീഷനിൽ അന്തിമ ഉത്തരവ് വന്നിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. കണ്ണൂർ കൈപ്പാട് മേഖലയിലെ കണ്ടൽക്കാടുകൾമൂലം കൃഷി ചെയ്യുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നത് സംബന്ധിച്ചും പറമ്പിക്കുളത്തെ തേക്ക് പ്ലാന്റേഷനിൽ സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നത് സംബന്ധിച്ചും പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും ഇ.എഫ്.എൽ.-ന്റെ പേരിൽ തെറ്റായി ഏറ്റെടുത്ത ഭൂമികൾ കോടതിവിധിയുടെ അടിസ്ഥാനത്തിൽ തിരിച്ചുനൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5(*63) <u>പട്ടികഗോത്രവർഗ്ഗക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് നടപടി</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, അഭ്യസ്തവിദ്യരായ 11,474 പട്ടികവർഗ്ഗക്കാരുണ്ടെന്നും സംസ്ഥാന വ്യാപകമായി ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ബി.എഡ്., ടി.ടി.സി. യോഗ്യത നേടിയ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ജോലി നൽകാനാകുമെന്നും സഭയെ അറിയിച്ചു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ 26 സ്കൂളുകളിൽ ഗോത്രബന്ധു പദ്ധതി ആരംഭിക്കുന്നത്

പരിഗണനയിലാണെന്നും പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിലെ 241 സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗക്കാരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ടെന്നും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കളെ ട്യൂട്ടർമാരായും സാക്ഷരതാ പ്രേരക്മാരായും കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായും പട്ടികവർഗ്ഗ പ്രൊമോട്ടർമാരായും മാനേജ്മെന്റ് ട്രെയിനിയായും നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഗോത്രജീവിക പദ്ധതി പ്രകാരം തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നുണ്ടെന്നും പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക്, ഐ.ടി. മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസ് എന്നിവ ആരംഭിക്കുന്നതിനും നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, എത്തിയോസ്, സി-ഡിറ്റ് തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി മിൽമ, കുടുംബശ്രീ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് തുടങ്ങിയവ മുഖേനയുള്ള പദ്ധതികളും പട്ടികവർഗ്ഗ സഹകരണ സ്വയം

സഹായ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പദ്ധതിയും കോർപ്പസ് ഫണ്ട്, എസ്.സി.എ., ടി.എസ്.പി. പദ്ധതികളിൽ ഉൾപ്പെടുത്തി തൊഴിൽദായക പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പട്ടിക-ഗോത്ര വിഭാഗങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുന്നതിനായി ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മേഖലാ ഓഫീസ് സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടെന്നും അവരുടെ സംസ്കാരം, ഭാഷ, ആചാരരീതി തുടങ്ങിയവ സംരക്ഷിക്കുന്നതിനായി കിർത്താഡ്സുമായി ബന്ധപ്പെട്ട് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആദിവാസി കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ നൽകുന്നതാണെന്നും കോഴിക്കോട് ജില്ലയിലെ മലമുതുവാൻ, മുതുവാൻ വിഭാഗങ്ങൾക്ക് അർഹമായ സംവരണാനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് കിർത്താഡ്സിനെ ചുമതലപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 774 മുതൽ 1114 വരെയുള്ള ചോദ്യങ്ങളിൽ 307 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)